ഭരണഭാഷ- മാതൃഭാഷ

TRY/E2/76/2020

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി /01/2020
23-01-2020

പ്രേഷകൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ട്രഷറി ഓഫീസർമാർക്കും

മാഡം/ സർ,

വിഷയം: BIMS മുഖേന ജനറേറ്റ് ചെയ്ത് ട്രഷറികളിൽ സമർപ്പിക്കുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ബില്ലുകൾ മാറുന്നത് - സംബന്ധിച്ച്

സൂചന
1. 20/01/2020 ലെ 1419769/SL-2/7/2020/ധന നമ്പർ സർക്കാർ കത്ത്
2. ഈ ഓഫീസിലെ 21/01/2020 ലെ ഇതേ നമ്പർ പുറത്തെഴുത്ത്
3. 16/01/2013 ലെ സർക്കാർ ഉത്തരവ് (പി) നം. 30/2013/ധന ലെ ഖണ്ഡിക (vi)

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (3) ലെ സർക്കാർ ഉത്തരവ് ഖണ്ഡിക (vi) പ്രകാരം എയ്ഡഡ് സ്കൂളുകളുടെ TA ബില്ലുകൾ , മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ, മെയിന്റനൻസ് ഗ്രാന്റ് ബില്ലുകൾ എന്നിവ മേലധികാരിയുടെ കൗണ്ടർ സൈനോടുകൂടി മാത്രമേ മാറാവൂ എന്ന് നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ സൂചന (1) പ്രകാരം എയ്ഡഡ് സ്കൂളുകളുടെ BIMS മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന ബില്ലുകൾക്ക് കൗണ്ടർ സൈൻ നിർബന്ധമാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകൾ BIMS മുഖേന സമർപ്പിക്കുന്ന ബില്ലുകൾക്ക് കൗണ്ടർ സൈൻ ആവശ്യമില്ല എന്ന വിവരം അറിയിക്കുന്നു . TA ബില്ലുകൾ , മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ എന്നിവ AEO/DEO യുടെ കൗണ്ടർ സൈനോടുകൂടി സമർപ്പിക്കുന്നവ മാത്രമേ പാസ്സാക്കി നൽകാവൂ.

മേൽ നിർദ്ദേശം എല്ലാ ട്രഷറി ഓഫീസർമാരും കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ട്രഷറി ഡയറക്ടർ

Directorate of Treasuries, Krishna Buildings TC No.28/629, Thycadu.P.O, Thiruvananthapuram, Pin 695014 Ph No.0471-2322